

പൈതൃകം

ഓർഹാൻ പാമുഖ്

# സുലൈമാനിയ്യ മസ്ജിദ്

**ഉസ്മാനീ** കലയിൽ ഏറ്റവും മഹത്വമേറിയതാണ് ശിൽപകല. ഏദ്രിനിലെ സുലൈമാനിയ്യ മസ്ജിദാണ് ഈ സർവോൽകൃഷ്ട പദവിക്ക് കാരണം. എഴുപതുകളിൽ ശിൽപകലാ വിദ്യാർഥി എന്ന നിലക്ക് മഹത്തായ ഉസ്മാനി സ്മാരകങ്ങൾക്ക് നിദാനമായ ആശയങ്ങളെക്കുറിച്ച പഠനത്തിൽ ഞാൻ വ്യാപൃതനായി, പ്രത്യേകിച്ച് സിനാൻ പാഷ രൂപകൽപന ചെയ്തവയിൽ. ഇതു കാണാനായി ഏദ്രിനിലേക്ക് പ്രത്യേക യാത്ര തന്നെ നടത്തി. വിദൂര ഭൂപ്രദേശങ്ങളെ കവിഞ്ഞ്, വിശാലമായ പ്രതലത്തിൽ ഒറ്റക്ക് തലയുയർത്തി നിൽക്കുന്ന താഴികക്കുടം, ഉപ്പയോടൊത്ത് പത്തു വർഷം മുമ്പ് സന്ദർശിച്ച പോലെതന്നെ എന്റെ ഓർമയിലുണ്ട്. ഇങ്ങനെ നഗരത്തിനു മേൽ പ്രതിബിംബിച്ചു നിൽക്കുന്ന മറ്റൊരു ഉസ്മാനി സ്മാരകവും ഞാൻ കണ്ടിട്ടില്ല. ഏദ്രിൻ നഗരം ചരിത്ര പ്രസിദ്ധമായ എടുപ്പുകളാൽ സമൃദ്ധമായിട്ടും, മസ്ജിദും താഴികക്കുടവും വേറിട്ട കാഴ്ചതന്നെ.

1569-1575 കാലയളവിൽ സലീം രണ്ടാമനു വേണ്ടിയാണ് സിനാൻ ഇത് നിർമിച്ചത്. ഉസ്മാനി സാമ്രാജ്യവും സംസ്കാരവും മഹോന്നത പദവിയിലിരുന്ന സമയമാണിത്. പതിനാറാം നൂറ്റാണ്ടിൽ ഉസ്മാനി ചക്രവർത്തി യൂറോപ്പിലേക്ക് പടനയിച്ചപ്പോൾ വിസ്മൃതിയിലായിരുന്ന നഗരം, സാമ്രാജ്യ വിപുലീകരണത്തിന്റെ കേന്ദ്രവും അടയാളവുമായിത്തീർന്നു. സാമ്രാജ്യ വിപുലീകരണത്തോടൊപ്പം അതിന്റെ കേന്ദ്രവും കണ്ടെത്തേണ്ടത് ആവശ്യമായിത്തീർന്നു. സുലൈമാനിയയുടെ രൂപഘടന തന്നെ ഉസ്മാനി ഭരണത്തിന്റെ കേന്ദ്രീകൃത സ്വഭാവത്തെ പ്രകടിപ്പിക്കുന്നു. മുഴുവൻ ഉസ്മാനി ശിൽപങ്ങളും സിനാന്റെ മറ്റു ആവിഷ്കാരങ്ങളും അതുപോലെതന്നെ. ഒറ്റ താഴികക്കുടമുള്ള- അകവും പുറവും ചേർന്ന- ഏകസമുച്ചയത്തെ അവർ സ്വപ്നംകണ്ടു. പൂർവകാല ഉസ്മാനി പള്ളികൾ -സിനാന്റെ ആദ്യകാല ശിൽപങ്ങൾ പോലെ- ചെറിയ താഴികക്കുടങ്ങളുടെയും അർധ താഴികക്കുടങ്ങളുടെയും മേളിപ്പായിരുന്നു. താഴികക്കുടങ്ങളും മിനാരവും ചേർന്നൊരുക്കിയ പാരസ്പര്യം മിഴിവുറ്റതായിരുന്നു.

എന്നാൽ സുലൈമാനിയ്യ മസ്ജിദ് സിനാന്റെ കിരീടത്തിലെ പൊൻതൂവലാണെന്ന് അദ്ദേഹം സ്വയം വിശേഷിപ്പിക്കാറുണ്ട്. കൂറ്റൻ താഴികക്കുടം മുഴുവൻ ആശയകാലുഷ്യവും ഇല്ലായ്മചെയ്യുമെന്ന് അദ്ദേഹം ആലോചിച്ചിരിക്കണം. ഇരുപതാം വയസ്സിൽ ശിൽപകല പഠിച്ചുകൊണ്ടിരിക്കെ, വലിയ താഴികക്കുടവും ഹിംസാത്മകമായ കേന്ദ്രീകൃത പ്രവണത പുലർത്തിയിരുന്ന ഉസ്മാനി ഭരണകൂടവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഞാനും സുഹൃത്തും നിരീക്ഷിച്ചിരുന്നു. എന്നാൽ സിനാനെ കുറിച്ച് സുഹൃത്തും കവിയുമായ സിയ എഴുതിയ പുസ്തകത്തിൽ, സിനാന്റെ പ്രചോദനം ഇസ്തംബൂളിലെ സോഫിയ ഹാഗിയ ആണെന്ന് പറയുന്നു. സുലൈമാനിയ്യയുടെ വലിയ താഴികക്കുടത്തിന് ചുറ്റും നാലു മിനാരങ്ങളുണ്ട്; ഇസ്‌ലാമിക ലോകത്തെ ഏറ്റവും വലിയതാണവ. ഇത് പള്ളിയുടെ രൂപഘടനയെ സ്വാധീനിച്ച ദിധ്രുവമായ ബൗദ്ധിക കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്നു. പുറത്തിന്റെയും അകത്തിന്റെയും പ്രതലത്തിന്റെയും കണ്ണഞ്ചിപ്പിക്കുന്ന സംയോജനം ഉസ്മാനി കലയുടെ ഉള്ള് വെളിപ്പെടുത്തുന്നു. അതായത് എടുപ്പിന്റെ പുറം ഉസ്മാനി സാമ്രാജ്യത്തിന്റെ ഭൗതിക പ്രൗഢിയുടെയും സമ്പന്നതയുടെയും പ്രതീകമാണ്. അകത്തളത്തിന്റെ ലാളിത്യം ദൈവവുമായി നേരിട്ടുള്ള ബന്ധത്തിന്റെ പ്രതിഫലനമാണ്.

മറ്റു പള്ളികളിൽനിന്ന് സുലൈമാനിയ്യയെ വ്യത്യസ്തമാക്കുന്നത് അകത്തളമാണ്. അത് ചിത്രകലയുടെയും അലങ്കാരങ്ങളുടെയും കാഴ്ചയല്ല, മറിച്ച് പ്രശാന്തമായ വഴിത്താരയാണ്. അകത്തളത്തിൽ പ്രവേശിക്കുമ്പോൾ ഉസ്മാനി സാമ്രാജ്യത്തിന്റെയും സുൽത്താന്റെയും അധികാരം, ധാർഷ്ട്യം, സമ്പത്ത്, സാങ്കേതിക സൗകര്യങ്ങൾ എല്ലാം വിസ്മൃതിയിലാവുന്നു. ചെറിയ വാതായനങ്ങൾ ചേർന്നൊരുക്കുന്ന, ഇരുളും വെളിച്ചവും കലർന്ന അതീന്ദ്രിയാന്തരീക്ഷം മനുഷ്യന്റെ നിസ്സാരതയെ അറിയിക്കുന്നു. ഈ ശിൽപഭാഷ പ്രജ്ഞയെ തകർക്കുന്ന ലംബാകൃതിയിലല്ല. ഉമ്മത്ത് എന്ന ഏക മാനവികതയെ ദൃഢീകരിക്കുന്ന, ജീവിത മരണങ്ങളുടെ ലാളിത്യത്തെ ഓർമിപ്പിക്കുന്ന വർത്തുള ശിൽപമാണ്. സിനാന്റെ മാസ്റ്റർപീസിനു മുന്നിൽ നിൽക്കുമ്പോൾ അതിന്റെ പ്രത്യക്ഷവും പരോക്ഷവുമാർന്ന സംയോജനം നമ്മെ വിളിച്ചുകൊണ്ടേയിരിക്കുന്നു. പള്ളിയുടെ അഗാധമായ ജ്യാമിതി, വിശേഷിച്ച് നീണ്ട എട്ടു തൂണുകളും താഴികക്കുടത്തിന്റെ നൈർമല്യവും ദൈവത്തിന്റെ പരിപൂർണതയെക്കുറിച്ച ജ്ഞാനം സാധ്യമാക്കുന്നു.

(നോബൽ ജേതാവായ പാമുഖിന്റെ *Other Colours* എന്ന സമാഹാരത്തിൽനിന്ന്)

**വിവ: കെ. അശ്റഫ്**